(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

കേരളത്തിലെ സമ്പദ്ഘടന മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടി

1 [1970] ശ്രീ. എ. സുജനപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സമ്പദ്ഘടന മെച്ചപ്പെടുത്തുന്നതിനുവേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ;

(ബി) കഴിഞ്ഞ മൂന്നു വർഷങ്ങളിലായി വിൽപ്പന നികുതിയിനം ഉൾപ്പെടെ സർക്കാരിന്റെ വരുമാനം വർദ്ധിച്ചിട്ടുണ്ടോ; എങ്കിൽ വർഷം തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ;

(സി) വിൽപ്പന നികുതിയിനത്തിൽ എത്ര കുടിശ്ശിക പിരിച്ചെടുക്കാനുണ്ട്;

(ഡി) കുടിശ്ശിക പിരിച്ചെടുക്കുന്നതിനുവേണ്ടി എന്തെല്ലാം നടപടികൾ ഇതിനകം സ്വീകരിച്ചെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാന സമ്പദ്ഘടനയുടെ വ്യത്യസ്ത മേഖലകളിൽ ദ്രുതഗതിയിലുള്ള വളർച്ച കൈവരിക്കുകയെന്നതാണ് സർക്കാരിന്റെ പ്രധാന വികസന ലക്ഷ്യം. ഈ ലക്ഷ്യം കൈവരിക്കുന്നതിനും അതുവഴി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമാവശ്യമായ മുതൽമുടക്ക് ആകർഷിക്കുന്നതിനുതകുന്ന നയപരിപാടികളാണ് വികസന രംഗത്ത് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. കാർഷിക മേഖലാ വികസനത്തിനായി ഒരു കാർഷിക കയറ്റുമതി മേഖല സ്ഥാപിക്കുകയും തരിശുഭൂമി കൃഷിയോഗ്യമാക്കി കൃഷി ഇറക്കുന്നതിന് പാവപ്പെട്ട സ്ത്രീകളുടെ അയൽകൂട്ടങ്ങൾക്ക് ഭൂമി പാട്ടത്തിന് നൽകുകയും ഔഷധച്ചെടികൾ, വാനില തുടങ്ങിയ ഉയർന്ന മൂല്യമുള്ള കൃഷി മെച്ചപ്പെടുത്തുകയും, നീർത്തടാധിഷ്ഠിത പരിപാടികൾ നടപ്പിലാക്കുന്നതിനു തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു നിർണ്ണായക പങ്കു നൽകുകയും ചെയ്തു. നടപ്പുവർഷം ബാങ്കുകളിൽ നിന്നുള്ള കാർഷിക വായ്പ 40 ശതമാനമായിട്ടെങ്കിലും ഉയർത്തുവാനും, കർഷകർക്ക് കിസാൻ ക്രെഡിറ്റ് കാർഡുകൾ വിതരണം ചെയ്യുന്നതിനും തീരുമാനിക്കുകയുണ്ടായി. പരമ്പരാഗത വ്യവസായ മേഖലയിലെ സാങ്കേതിക വിദ്യയും മാനേജ്മെന്റും മെച്ചപ്പെടുത്തുന്നതിനും ഒരു പരമ്പരാഗത വ്യവസായ നിധി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നു. അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാൻ 'കേരള അടിസ്ഥാന സൗകര്യ വികസന ബിൽ' പരിഗണനയിലാണ്. കേരളത്തെ ഒരു നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റുന്നതിന്റെ ഭാഗമായി 'ആഗോള നിക്ഷേപക സംഗമം' 'തൊഴിൽ നിയമ ഭേദഗതി' തുടങ്ങിയവ നടത്തുകയുണ്ടായി. പദ്ധതികൾക്കു ദ്രുതഗതിയിൽ അംഗീകാരം ലഭ്യമാക്കുന്നതിന് ഒരു 'ഇൻവെസ്റ്റ്മെന്റ് പ്രമോഷൻ ബോർഡ്' രൂപീകരിച്ചു. വിവരസാങ്കേതികവിദ്യ വിനോദസഞ്ചാരം എന്നീ മേഖലകൾക്ക് പ്രാധാന്യം നൽകുകയും അവയുടെ വികസനത്തിനാവശ്യമായ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിന് നടപടികൾ എടുത്തുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കഴിഞ്ഞ മൂന്നു വർഷങ്ങളിലായി വർദ്ധിച്ചുവരുന്ന ആകെ റവന്യൂ വരുമാനം ഇപ്രകാരമാണ്:

വർഷം		രൂപ (കോടിയിൽ)
2001-2002	..	9056.39
2002-2003	..	10633.89
2003-2004	..	11733.10

(സി) 2004 മെയ് വരെ 2680.34 കോടി രൂപ.

(ഡി) വിൽപ്പന നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി എല്ലാ ജില്ലകളിലേയും ഉദ്യോഗസ്ഥരുടെ കോൺഫറൻസ് വിളിച്ചുകൂട്ടി നികുതി പിരിവ് ഊർജ്ജിതമാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തുന്നതിനുവേണ്ടി ജില്ലാ കളക്ടർമാർക്കു നിർദ്ദേശം നൽകിയിട്ടുണ്ട്. നികുതി കുടിശ്ശിക പിരിക്കുന്നതിനുവേണ്ടി 2004 ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ സെറ്റിൽമെന്റ് സ്കീം കൊണ്ടുവരികയുണ്ടായി. നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി കൊമേഴ്സ്യൽ ഇൻവെസ്റ്റിഗേഷൻ വിംഗ് എല്ലാ ജില്ലകളിലും പ്രവർത്തിച്ചുവരുന്നു.

സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതി

2 [1971] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ മൂന്നു വർഷത്തിനുള്ളിൽ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയിൽ ഉണ്ടായിട്ടുള്ള മാറ്റം എപ്രകാരമാണെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ സർക്കാർ ഏതെല്ലാം ഏജൻസികളിൽ നിന്ന്/സ്ഥാപനങ്ങളിൽ നിന്ന് കടം വാങ്ങിയെന്നും എത്ര വീതം കടം വാങ്ങിയെന്നും ഇനം തിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഗുണകരമായ മാറ്റം ഉണ്ടായിട്ടുണ്ട്. 47686.52 കോടി രൂപയുടെ പൊതു കടം തിരിച്ചടയ്ക്കുകയും കരാറുകാർക്ക് നൽകാനുണ്ടായിരുന്ന മുൻ കുടിശ്ശിക മുഴുവനും നൽകുകയും, സർക്കാർ ജീവനക്കാർക്ക് 6 ഗഡു ക്ഷാമബത്ത അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly